LIBRARY ARCHIVES Kerala Legislative Assembly

പാട്ടഭൂമിയുടെ പാട്ടം പുതുക്കി നിശ്ചയിച്ച ഉത്തരവ്

27 [641] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടഭൂമിയുടെ പാട്ടം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് വനം വകുപ്പിന്റെ അധീനതയിലുള്ള പാട്ടഭൂമിക്കുകൂടി ബാധകമാണോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന പാട്ടവസ്തുക്കൾക്ക് 1980-ൽ നിയമം പാസ്സാക്കിയശേഷം എത്ര തവണ വർദ്ധനവ്/കുറവ് വരുത്തിയിട്ടുണ്ട്;

(സി) ഇപ്പോൾ എത്ര വിസ്തീർണ്ണമുള്ള ഭൂമികൾക്കാണ് പാട്ട നിരക്ക് കുറവ് ചെയ്തിട്ടുള്ളത്;

(ഡി) ഇതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ആരുടെയെല്ലാം കൈവശമിരിക്കുന്ന എത്ര ഏക്കർ ഭൂമി ഇതിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14-5-2004-ലെ ജി.ഒ. (പി) നമ്പർ 126/2004/റവ. പ്രകാരം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിയുടെ പാട്ടനിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിനാൽ വനഭൂമിക്കു ഈ ഉത്തരവ് ബാധകമല്ല.

(ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

തോട്ടങ്ങൾ തുടങ്ങുന്നതിന് പാട്ടവ്യവസ്ഥയിൽ നൽകിയ റവന്യൂഭൂമി

28 [642] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ റവന്യൂ ഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് റവന്യൂ ഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ടത്തിന് നൽകിയട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) തോട്ടങ്ങൾ തുടങ്ങുന്നതിന് ഏതെല്ലാം തോട്ടമുടമകൾക്ക് എത്ര ഏക്കർ ഭൂമി വീതം പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) എത്ര വർഷത്തേയ്ക്കാണ് പ്രസ്തുത ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളത്;

(ഇ) പാട്ടക്കരാർ അനുസരിച്ച് ഒരു ഹെക്ടർ ഭൂമിയുടെ പാട്ടത്തുക എത്രയാണ്;

(എഫ്) പാട്ടക്കുടിശ്ശിക ഇനത്തിൽ ഓരോ തോട്ടമുടമകളും എത്രവീതം തുക അടയ്ക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) പാട്ടക്കുടിശ്ശിക വരുത്തിയ തോട്ടമുടമകളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി, സി, ഡി, ഇ, എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിൽ പാട്ടത്തിന് നൽകിയ റവന്യൂ ഭൂമി

29 [643] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സർക്കാർ റവന്യൂ ഭൂമി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) തൃശ്ശൂർ ജില്ലയിൽ റവന്യൂ ഭൂമി ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് നൽകാൻ നിയമം അനുവദിക്കുന്നുണ്ടോ;

(ഡി) തൃശ്ശൂർ ബാലഭവന് എത്ര സെന്റ് റവന്യൂ ഭൂമി പതിച്ച് നൽകിയിട്ടുണ്ട്; എത്ര സെന്റ് സ്ഥലം പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) തൃശ്ശൂർ താലൂക്കിൽ കണിമംഗലം വില്ലേജിൽ ഉൾപ്പെടുന്ന കസ്തൂർബാഗാന്ധി ട്രസ്റ്റിന് എത്ര ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇവർക്ക് ഈ സ്ഥലം പതിച്ചു നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എഫ്) തൃശ്ശൂർ പട്ടണത്തിൽ ബാനർജി ക്ലബ്ബിന് എത്ര സെന്റ് റവന്യൂ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ജി) സർക്കാർ അനുവദിച്ചതിൽ കൂടുതൽ സ്ഥലം പ്രസ്തുത ക്ലബ്ബ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇവിടെ ഒരു സെന്റ് സ്ഥലത്തിന് എന്തു വില വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഐ) തൃശ്ശൂർ പബ്ലിക് ലൈബ്രറിക്ക് സർക്കാർ റവന്യൂ ഭൂമി പതിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ സർക്കാർ റവന്യൂ ഭൂമി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആർക്കുംതന്നെ പാട്ടത്തിന് നൽകിയിട്ടില്ല.

(ബി) തൃശ്ശൂർ ജില്ലയിൽ റവന്യൂ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പേരുവിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly